പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6804

04.04.2018-ൽ മറുപടിക്ക്

## മത്സ്യബന്ധനബോട്ടിന് ഡീസൽ സബ്സിഡി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. പാറക്കൽ അബ്ദുല്ല | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | ഒരു ബോട്ട് മത്സ്യബന്ധനത്തിനായി കടലിലേക്ക് പോകുമ്പോൾ ഏകദേശം 4000-5000 ലിറ്റർ ഡീസലുമായാണ് പോകുന്നതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോയെന്നറിയിക്കുമോ; | (എ) | ദീർഘനാൾ കടലിൽ തങ്ങി മത്സ്യബന്ധനം നടത്തുന്ന ചില മത്സ്യബന്ധന ബോട്ടുകൾ കൂടുതൽ ഡീസൽ കൊണ്ടു പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഡീസലിന് ലിറ്ററിന് 10 രൂപ വർധനവുണ്ടായപ്പോൾ ഒരു ട്രിപ്പിന് തന്നെ ഒരു ബോട്ടിന് 40000-50000 രൂപയുടെ അധിക ചെലവ് വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഡീസൽ വില വർദ്ധനവ്, മത്സ്യബന്ധന ചെലവ് കൂടാൻ ഇടയാക്കും. |
| (സി) | ഇതിനനുസൃതമായി മത്സ്യ വിലയിൽ വർധനവ് വരുത്താനാകാത്ത സാഹചര്യം പരിശോധിക്കുകയുണ്ടായോ; | (സി) | മത്സ്യവിലയിലും വർദ്ധനവ് ഉണ്ടാകുന്നുണ്ട്. |
| (ഡി) | ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ മത്സ്യമേഖലയിൽ ഡീസലിന് സബ്സിഡി ഇല്ലാത്തത് കേരളത്തിൽ മാത്രമാണെന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ; വിശദമാക്കുമോ? | (ഡി) | കേന്ദ്ര സർക്കാർ അനുവദിക്കുന്ന ഡീസൽ സബ്സിഡി കേരളത്തിൽ അനുവദിക്കുന്നതിന് നിലവിൽ തടസ്സങ്ങൾ ഒന്നും തന്നെ ഇല്ല. എന്നാൽ ഡീസൽ സബ്സിഡി ലഭ്യമാകണമെങ്കിൽ മത്സ്യബന്ധന യാന ഉടമ BPL വിഭാഗത്തിൽപ്പെടുന്ന വ്യക്തി ആയിരിക്കണം. കേരളത്തിലെ യാന ഉടമകൾ ഭൂരിഭാഗം പേരും APL വിഭാഗത്തിൽ പ്പെടുന്നവരാണ്. ആയതിനാൽ തന്നെ അപേക്ഷകരെ ലഭ്യമാകാത്ത സാഹചര്യമാണ് നിലവിലുള്ളത്. |

സെക്ഷൻ ഓഫീസർ